(സി) നിയമവകുപ്പു നിയമിച്ച അഭിഭാഷകരിൽ ശ്രീ. അജിത് പ്രകാശിനെ നീക്കം ചെയ്തിട്ടുണ്ട്. അത് സർക്കാർ തീരുമാനപ്രകാരമാണ്.

(ഡി) സ്റ്റേറ്റ് അറ്റോർണി എന്ന പദവി ഇപ്പോൾ വഹിക്കുന്നത് ശ്രീ. പി. സി. ഐപ്പ് എന്ന സർക്കാർ അഭിഭാഷകനാണ്. ഈ നിലയിൽ ഒരു സ്ഥാനം സർക്കാർ അഭിഭാഷകന് നൽകിയതത് 30-9-2002 മുതലാണ്.

(ഇ) സ്റ്റേറ്റ് അറ്റോർണിക്ക് ശമ്പളം, അലവൻസ് എന്നീ നിലകളിൽ ഇതുവരെ 5,86,532 (അഞ്ചു ലക്ഷത്തി എൺപത്തിയാറായിരത്തിഅഞ്ഞൂറ്റിമുപ്പത്തിരണ്ട്) നൽകിയിട്ടുണ്ട്. പ്രത്യേക സർക്കാർ വാഹനവും നൽകിയിട്ടുണ്ട്.

(എഫ്) സ്റ്റേറ്റ് അറ്റോർണിക്ക് ബി. എ. (സോഷ്യോലജി), എൽ.എൽ.ബി. എന്നീ ബിരുദങ്ങൾ ഉണ്ട്.

തിരുവനന്തപുരം താലൂക്കിലെ പട്ടയത്തിനുള്ള അപേക്ഷകൾ

104 [1324] ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തതപുരം താലൂക്കിലെ തിരുമല, ശാസ്തമംഗലം, വട്ടിയൂർക്കാവ്, പേരൂർക്കട, കുടപ്പനക്കുന്ന്, പട്ടം, ചെറുവയ്ക്കൽ, ഉള്ളൂർ, കടകംപള്ളി വില്ലേജുകളിൽ 2001 മേയ് മാസത്തിനുശേഷം എത്ര പട്ടയങ്ങൾ വിതരണം ചെയ്തുവെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഈ വില്ലേജുകളിൽ എത്ര കൈവശ രേഖകൾ വിതരണം ചെയ്തുവെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത വില്ലേജുകളിൽ എത്ര അപേക്ഷകൾ തീർപ്പ് കൽപ്പിക്കാതെ അവശേഷിക്കുന്നുവെന്ന് അറിയിക്കാമോ;

(ഡി) തിരുമല വില്ലേജിൽ ലക്ഷ്മി നഗർ കോളനിയിൽ പട്ടയം കിട്ടാൻ അപേക്ഷിച്ചവർ ഭൂമി വില കുറവ് ചെയ്യുകയോ തവണകളായി അടയ്ക്കാൻ അനുവദിക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ടിരുന്നോ ;

(ഇ) ഈ അപേക്ഷകളിൻമേൽ എന്ത് തീരുമാനമായെന്ന് അപേക്ഷകരെ അറിയിച്ചിട്ടുണ്ടോ ;

(എഫ്) തിരുവനന്തപുരം നോർത്ത് മണ്ഡലത്തിലെ എല്ലാ പട്ടയ സംബന്ധമായ അപേക്ഷകളും 2005 മാർച്ചിന് മുമ്പ് തീർപ്പാക്കാൻ നിർദ്ദേശിക്കുമോ?

2/2313/2012/DTP

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 325 എണ്ണം

(ബി) 43 എണ്ണം

(സി) 599 എണ്ണം

(ഡി) ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) തിരുവനന്തപുരം നോർത്ത് മണ്ഡലത്തിലെ നിയമപരമായി തീർപ്പു കൽപ്പിക്കാനാകുന്ന എല്ലാ പട്ടയ സംബന്ധമായ അപേക്ഷകളും 2005 മാർച്ചിന് മുൻപ് തീർപ്പാക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മറവൻകോട് മിച്ചഭൂമി കോളനി നിവാസികൾക്ക് പട്ടയം

105 [1325] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുവത്തൂർ നിയോജകമണ്ഡലത്തിലെ വെളിയം വില്ലേജിൽപ്പെട്ട മറവൻകോട് മിച്ചഭൂമി കോളനി നിവാസികൾക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കോളനിയിൽ എത്ര കുടുംബങ്ങൾക്കാണ് പട്ടയം ലഭിക്കുവാനുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) മറവൻകോട് മിച്ചഭൂമി കോളനി നിവാസികൾക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ എത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) എത്രയുംവേഗം ഇവർക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 58 കൈവശ കക്ഷികൾക്ക്

(സി) സർക്കാർ ഉത്തരവ് (എം എസ്.) 156/00/ആർ.ഡി. തീയതി 1-6-2000 പ്രകാരം 58 കൈവശ കക്ഷികളുടെ കൈവശാവകാശം സാധൂകരിച്ച് ഉത്തരവായിട്ടുള്ളതും അവർക്കെല്ലാം കൈവശരേഖകളും കൊടുത്തിട്ടുള്ളതുമാണ്.

(ഡി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly